# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2645** **14.12.2015 - ൽ മറുപടിക്ക്**

**ശുദ്ധജല വിതരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.പി.മുഹമ്മദ്**<br>**ശ്രീ.ഹൈബി ഈഡൻ**<br>**ശ്രീ.വി.റ്റി.ബൽറാം**<br>**ശ്രീ.കെ.ശിവദാസൻ നായർ** | ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ശുദ്ധജല വിതരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) 'എല്ലാവർക്കും കുടിവെള്ളം എല്ലായ്പ്പോഴും' എന്ന ആശയം ഉൾക്കൊണ്ട് 2015-ൽ സംസ്ഥാനത്തെ 60 ശതമാനം ജനങ്ങൾക്ക് പൈപ്പുവഴി കുടിവെള്ളം ലഭ്യമാക്കുന്നതിലേയ്ക്കായി നഗര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. ഇവ നടപ്പിലാക്കുന്നതിലേക്കായി കേന്ദ്ര-സംസ്ഥാന ധനസഹായവും ബാങ്കുകൾ, വിദേശ ഏജൻസികൾ എന്നിവയിലൂടെ ധനസഹായവും പ്രയോജനപ്പെടുത്തുന്നു.<br><br>ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പാക്കുന്നതിലൂടെ 200ഓളം ഗ്രാമപഞ്ചായത്തുകളിൽ 20 ലക്ഷത്തോളം പേർക്ക് ആവശ്യാധിഷ്ഠിതമായി സുസ്ഥിരവും ഗുണമേന്മയേറിയതുമായ കുടിവെള്ള വിതരണവും ശുചിത്വ സംവിധാനങ്ങളും നല്കുക എന്ന ലക്ഷ്യം കൈവരിയ്ക്കാൻ ഉദ്ദേശിക്കുന്നു. അതിനുപുറമെ പരിസ്ഥിതി സംരക്ഷണം, ഭൂജല സംവർദ്ധനം, പഞ്ചായത്ത് ശാക്തീകരണം എന്നീ കർമ്മ പരിപാടികളും ഇതിനോടനുബന്ധിച്ച് നടപ്പിലാക്കുക വഴി |

ഗ്രാമീണ മേഖലയെ എല്ലാ തലത്തിലും ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യവും ജലനിധി പദ്ധതികൾക്ക് ഉണ്ട്.

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അവയുടെ പ്രവർത്തന പുരോഗതികൾ, വിവിധതലങ്ങളിൽ വിലയിരുത്തി, അതിനാവശ്യമായ നടപടികൾ വിവിധ തലങ്ങളിൽ തീരുമാനമെടുത്തും, ഓരോ തലങ്ങളിലും വ്യക്തമായ ‘ സമയപരിധി’ നിശ്ചയിച്ച് ദ്രുതഗതിയിൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ ടെണ്ടർ നടപടികൾ വേഗത്തിൽ നടപ്പാക്കുന്നതിനായി ഇ-ടെണ്ടർ രീതി നടപ്പാക്കി വരുന്നു. കൂടാതെ റെയിൽവേ ക്രോസ്സിംഗ്, റോഡ് കട്ടിംഗ്/ക്രോസ്സിംഗ് എന്നിവയ്ക്കാവശ്യമായിട്ടുള്ള ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നുമുള്ള ഇതുവരെ ലഭിക്കാത്ത അനുമതികൾ ലഭ്യമാക്കാനായി വിവിധതലങ്ങളിലുള്ള ഓഫീസുകളുമായി ബന്ധപ്പെട്ട്, ആവശ്യമായ അനുമതികൾ നേടിയെടുത്ത്, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതികൾ ദ്രുതഗതിയിൽ നടപ്പാക്കാനായി വിവിധ പഞ്ചായത്തുകളിൽ നിന്നും സ്ഥലം ലഭ്യമാക്കാനുള്ള നടപടികളും അതിവേഗം സ്വീകരിച്ചു വരുന്നു.

ജലനിധി ലോകബാങ്ക് ധനസഹായത്തോടുകൂടി 2012 ഫെബ്രുവരി മാസത്തിൽ തുടങ്ങി $5^1/_2$ വർഷത്തെ കാലയളവിനുള്ളിൽ കമ്മീഷൻ ചെയ്യുന്ന ജലനിധി പദ്ധതിയുടെ കൂട്ടുടമസ്ഥത ജനകീയ സമിതികൾക്കും, ഗ്രാമ പഞ്ചായത്തുകൾക്കുമാണ്. എന്നാൽ തുടർ

പരിപാലനവും, മേൽനോട്ടവും ജനകീയ സമിതികൾക്കാണ്. അധികാര വികേന്ദ്രീകരണത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയ സമിതികളെയും ശാക്തീകരിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും നടത്തിവരുന്നു. ഭരണതലത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ച് ഗ്രാമീണ ശുദ്ധജല വിതരണത്തിൽ മികവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ